## കേരള സർക്കാർ

സംഗ്രഹം

ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ് - നിക്ഷേപ സമാഹരണം 2004-05 സമ്മാനപദ്ധതി - ഒന്നും രണ്ടും സമ്മാനത്തിനർഹമായ സെക്യൂരിറ്റികൾ വിറ്റ പോസ്റ്റാഫീസുകൾക്ക് യഥാക്രമം 5,000/-, 3,000/- രൂപ വീതം ക്യാഷ് അവാർഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - സി) വകുപ്പ്**

സ.ഉ.(സാധാ)നം.4180/13/ധന. തീയതി, തിരുവനന്തപുരം, 13 മെയ് 2013

---

പരാമർശം: 1) സ.ഉ(സാധാ)4076/04/ധന., തീയതി 10/06/04

2) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് അനൗദ്യോഗിക ഫയൽ നം.3521/ NSD- B2/12/ധന

## ഉത്തരവ്

പരാമർശം (1) പ്രകാരം 2004-05 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ വിവിധ സ്കീമുകളിൽ തുക നിക്ഷേപിച്ചവർക്കും, ഏജന്റുമാർ, പോസ്റ്റാഫീസ് എന്നിവർക്കുമായി സമ്മാനപദ്ധതി പ്രഖ്യാപിച്ച് ഉത്തരവായിരുന്നു. ഒന്നും രണ്ടും സമ്മാനത്തിനർഹമായ സെക്യൂരിറ്റികൾ വിറ്റ പോസ്റ്റാഫീസുകൾക്ക് യഥാക്രമം 5,000/-, 3,000/- രൂപ വീതം ക്യാഷ് അവാർഡ് പ്രഖ്യാപിച്ചിരുന്നു.

(2) 05.10.2005-ൽ നടന്ന നറുക്കെടുപ്പിൽ ഒന്നാം സമ്മാനം വിറ്റതായ തൃശ്ശൂർ ഹെഡ് പോസ്റ്റാഫീസിനും രണ്ടാം സമ്മാനം വിറ്റതായ തൃശ്ശൂർ ജില്ലയിലെ പാലുവായി പോസ്റ്റാഫീസിനും യഥാക്രമം 5,000/-, 3,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതിന്റെ അനുമതിക്കായി ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2004-05 സാമ്പത്തിക വർഷത്തിലെ ബംബർ സമ്മാന പദ്ധതിയിലെ ഒന്നും രണ്ടും സമ്മാനത്തിനർഹമായ സെക്യൂരിറ്റികൾ വിറ്റ പോസ്റ്റാഫീസുകളായ തൃശ്ശൂർ ഹെഡ് പോസ്റ്റാഫീസ്, പാലുവായി പോസ്റ്റാഫീസ് എന്നിവയ്ക്ക് യഥാക്രമം 5,000/-, 3,000/- രൂപ ക്യാഷ് അവാർഡ് അനുവദിച്ച് ഉത്തരവാകുന്നു.

(4) നിർദ്ദിഷ്ട ക്യാഷ് അവാർഡ് **2047-00-103-87** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്ന് നൽകാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയ്മേരി ജോൺ**

ധനകാര്യ ജോയിന്റ് സെക്രട്ടറി

ധനകാര്യ എക്സ്പെൻഡീച്ചർ സെക്രട്ടറിക്കുവേണ്ടി

പകർപ്പ്

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
3) ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്
4) ഡെപ്യൂട്ടി ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തൃശ്ശൂർ
5) പോസ്റ്റ്മാസ്റ്റർ, തൃശ്ശൂർ ഹെഡ് പോസ്റ്റാഫീസ്
6) പോസ്റ്റ്മാസ്റ്റർ, പാലുവായി പോസ്റ്റ് ഓഫീസ്
7) Nodal Officer, www.finance.kerala.gov.in
8) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ